# പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 198** — **09.06.2014 -ലെ മറുപടിക്ക്**

## ഇരിങ്ങാലക്കുടയിലെ മൂർക്കനാട് സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.ഡി. ദേവസ്സി** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇരിങ്ങാലക്കുടയിലെ മൂർക്കനാട് സംഭവത്തെ തുടർന്ന് ചാലക്കുടി മണ്ഡലത്തിൽപ്പെട്ട 4 കപ്പേളകളും 1 പള്ളിയും ആക്രമിച്ച് തകർക്കുകയും ഒരു സബ്ബ് ഇൻസ്പെക്ടറും പോലീസ് കോൺസ്റ്റബിളും താമസിക്കുന്ന വെറ്റിലപ്പാറയിലെ വീടിനു നേരെയുണ്ടായ ആക്രമണവും ബൈക്ക് കത്തിക്കലും അടക്കമുള്ള സംഭവങ്ങളിൽ കുറ്റക്കാരെയാരെ കണ്ടെത്തുകയോ പ്രതികളെ പിടികൂടുകയോ ചെയ്തിട്ടുണ്ടോ; | (എ) ഇതു സംബന്ധിച്ച് ചാലക്കുടി പോലീസ് സ്റ്റേഷനിൽ 4 കേസുകളും അതിരപ്പിള്ളി പോലീസ് സ്റ്റേഷനിൽ ഒരു കേസും രജിസ്റ്റർ ചെയ്ത് ചാലക്കുടി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷണം നടത്തിവരുന്നു. ഇതു സംബന്ധിച്ച് ഇരിങ്ങാലക്കുടയിൽ രണ്ട് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ചാലക്കുടിയിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) ഇതിനായി എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകളിലെ എല്ലാ പ്രതികളെയും തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിലേയ്ക്കായി ചാലക്കുടി പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. |
| (സി) ഇതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കയും ഭയവും അകറ്റുന്നതിനും പ്രതികളെ ഉടൻ പിടികൂടുന്നതിനുമായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (സി) കുറ്റവാളികളെ തിരിച്ചറിഞ്ഞ് എല്ലാവരെയും അറസ്റ്റ് ചെയ്യുന്നതിലേയ്ക്കുള്ള ഊർജ്ജിത നടപടികൾ ചാലക്കുടി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**